"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കോ - ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് കീഴിൽ പ്രവർത്തിച്ചിരുന്ന കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരമായ അവസാനഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**243/2025/Co-Op** തീയതി,തിരുവനന്തപുരം, **17-05-2025**

---

പരാമർശം:- 1. സ.ഉ.(കൈ)നം.**488/2018**/ആ.കു.വ തീയതി **17.12.2013**

2. സ.ഉ.(കൈ)നം.**120/2014**/ആ.കു.വ തീയതി **22.04.2014**

3. സ.ഉ.(സാധാ)നം.**447/2021**/സഹ തീയതി **22.07.2021**

4. സ.ഉ.(സാധാ)നം.**586/2021**/സഹ തീയതി **29.09.2021**

5. സ.ഉ.(സാധാ)നം.**404/2022**/സഹ തീയതി **09.06.2022**

6. സ.ഉ.(സാധാ)നം.**332/2023**/സഹ തീയതി **02.06.2023**

7. സ.ഉ(സാധാ)നം.**205/2024**/സഹ തീയതി **06.05.2024**

8. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ **07/04/2025** ലെ എ സി സി **2/1384/2014**/കേപ്പ്/**1704**നം. കത്ത്

9. സ.ഉ.(സാധാ)നം.**4213/2025**/ധന തീയതി **08.05.2025**

**<u>ഉത്തരവ്</u>**

കോ - ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന് നൽകേണ്ട നഷ്ടപരിഹാരം ധനകാര്യ വകുപ്പ് നിയോഗിക്കുന്ന

കമ്മിറ്റി തീരുമാനിക്കുമെന്ന നിബന്ധനയോടെ കൊച്ചി സഹകരണ മെഡിക്കൽ കേളേജിനെ ആസ്തി ബാദ്ധ്യതകളോടെ പരാമർശം (1) പ്രകാരവും കൊച്ചിൻ മെഡിക്കൽ കോളേജിന്റെ നേഴ്സിംഗ് കോളേജും നേഴ്സിംഗ് സ്കൂളും പരാമർശം (2) പ്രകാരവും സർക്കാർ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന്, കേപ്പിന് നൽകാനുള്ള നഷ്ടപരിഹാരമായി സഹകരണ വകുപ്പ് കണക്കാക്കിയിട്ടുള്ള 44.99 കോടി രൂപ 5 തുല്ല്യ ഗഡുക്കളായി "210-05-105-47– MEDICAL COLLEGE KOCHI, ERNAKULAM – 34-03 (NP)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നല്കി. ആയതിൽ 4 ഗഡുക്കളായി 9.00 കോടി വീതം "2210-05-105-47-Medical College Kochi, Ernakulam-34-03(NP)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്ത് നല്കുന്നതിന് പരാമർശം 4, 5, 6, 7 പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

2. കേപ്പിന് നൽകാനുള്ള നഷ്ടപരിഹാരതുകയുടെ അഞ്ചാം ഗഡുവായ 8.99 കോടി രൂപ, "2210-05-105-47-MEDICAL COLLEGE KOCHI, ERNAKULAM 34-03 (NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (8) പ്രകാരം കേപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോ - ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് ആകെ നൽകേണ്ട നഷ്ടപരിഹാരത്തുകയുടെ അഞ്ചാമത്തേതും അവസാനത്തേയും ഗഡുവായ 8.99 കോടി രൂപ (എട്ട് കോടി തൊണ്ണൂറ്റിഒൻപത് ലക്ഷം രൂപ) "2210-05-105-47-Medical College Kochi Ernakulam- 34-03(NP)" എന്ന ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടപ്പുസാമ്പത്തിക വർഷം തന്നെ മേൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും പിൻവലിച്ച്, തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കോ-ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി. അക്കൗണ്ട് നം.799011400007221 ലേയ്ക്ക് നൽകേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ഡയറക്ടർ, കേപ്പ് , മുട്ടത്തറ എഞ്ചിനിയറിംഗ് കോളേജ് കാമ്പസ്,
വള്ളക്കടവ്, തിരുവനന്തപുരം.

ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(ഹെൽത്ത് എ2/32/2020/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/70/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 19-05-2025 09:20:51

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.